

കവർസ്റ്റോറി

**അശ്റഫ് കീഴുപറമ്പ്**

# സ്വാതിലെ സൈനിക നടപടിക്ക് പിന്നിൽ

**പ്രാദേശിക പിന്തുണ നഷ്ടമായ പുതിയ സാഹചര്യത്തിൽ താലിബാൻ രണ്ടിലൊരു മാർഗം സ്വീകരിച്ചേക്കുമെന്ന് ഹമീദ് മീർ അഭിപ്രായപ്പെട്ടു. ഒന്നുകിൽ അവർ നാനാ ഭാഗത്തേക്കും ചാവേറുകളെ വിട്ട് പാകിസ്താനെ വിറപ്പിക്കും. തഹ്‌രീകെ നിഫാദെ ശരീഅ മുഹമ്മദി(ടി.എൻ.എസ്.എം)യുടെ നേതാവ് സൂഫി മുഹമ്മദിന്റെ മധ്യസ്ഥതയിൽ താലിബാൻ വെടിനിർത്തലിന് ശ്രമിക്കുകയാണ് രണ്ടാമത്തെ മാർഗം.**

**സ്വാത്** താഴ്‌വരയിൽനിന്നും സമീപ പ്രദേശങ്ങളായ ബോനർ, ദീർ ജില്ലകളിൽനിന്നും താലിബാൻ പോരാളികളെ തുരത്തുന്നതിന് പാക് സൈന്യം കനത്ത ആക്രമണമാണ് അഴിച്ചുവിട്ടുകൊണ്ടിരിക്കുന്നത്. നാലായിരം വരുന്ന സായുധരായ താലിബാൻകാരെ നേരിടുന്നത് പതിനയ്യായിരം സുരക്ഷാ ഭടന്മാരാണ്. ആഭ്യന്തരമന്ത്രി റഹ്‌മാൻ മാലിക് അവകാശപ്പെടുന്നത് 700 താലിബാൻ തീവ്രവാദികൾ വധിക്കപ്പെട്ടിട്ടുണ്ടെന്നാണ്. വധിക്കപ്പെട്ടത് മുഴുവൻ താലിബാൻകാരാവണമെന്നില്ല. ധാരാളം സിവിലിയന്മാരും വധിക്കപ്പെട്ടിരിക്കാനാണ് സാധ്യത. പ്രതിരോധത്തിലായ താലിബാൻ സിവിലിയന്മാരെ മനുഷ്യകവചമായി ഉപയോഗിക്കുന്നതായും റിപ്പോർട്ടുണ്ട്.

സ്വാത് താഴ്‌വരയിലും പരിസരങ്ങളിലും പിടിമുറുക്കിയ താലിബാനെ നിർവീര്യമാക്കുന്നതിന് അവരുടെ നേതൃനിരയെ ഉന്മൂലനം ചെയ്യുകയോ പിടികൂടുകയോ ചെയ്യുക എന്ന തന്ത്രമാണ് സൈന്യത്തിന്റേത്. തഹ്‌രീകെ താലിബാൻ സ്വാത് (ടി.ടി.എസ്) എന്ന സംഘടനയുടെ ബാനറിലാണ് താലിബാൻ ഇവിടെ സംഘടിപ്പിച്ചിരിക്കുന്നത്. ഇതിന്റെ അനിഷേധ്യ നേതാവാണ് മൗലവി ഫസ്‌ലുല്ല. സ്വാത് തലസ്ഥാനമായ മിൻഗോ



ഭക്ഷണത്തിന് ക്യൂ നിൽക്കുന്ന അഭയാർഥികൾ

**കരാർ പ്രകാരം താലിബാൻ ആയുധങ്ങൾ കൈമാറിയില്ല എന്ന ന്യായം പറഞ്ഞാണ് ഇപ്പോഴത്തെ കനത്ത സൈനികാക്രമണം. അന്ത്യശാസനയോ വേണ്ടത്ര സാവകാശമോ നൽകാതെയാണ് ഈ സൈനിക നടപടി എന്നത് ദുരൂഹത വർധിപ്പിക്കുന്നു. അമേരിക്കയുടെ കടുത്ത സമ്മർദമാണ് പെട്ടെന്നുള്ള സൈനിക നീക്കത്തിന് കാരണമെന്ന് വ്യക്തം.**

റയിൽനിന്ന് 60 കിലോമീറ്റർ അകലെയുള്ള വിയോചാർ ആണ് അദ്ദേഹത്തിന്റെ ശക്തികേന്ദ്രം. ഇവിടെ കമാന്റോകളെ ഇറക്കി ഫസ്‌ലുല്ലയെ പിടികൂടാനാണ് ശ്രമം. മുസ്‌ലിംഖാൻ, മുഫ്തി ശാഹിദ്, മൗലാനാ ഖലീൽ, ഇബ്‌നു അമീൻ, മൗലാനാ ഷാ ദൗറാൻ, ഖാരി ജബ്ബാർ തുടങ്ങിയ താലിബാൻ കമാന്റർമാരെയും സൈന്യം ലക്ഷ്യമിടുന്നു. ഇവർ കൊല്ലപ്പെടുകയോ പിടികൂടപ്പെടുകയോ ചെയ്താൽ താലിബാനെ നിർവീര്യമാക്കാമെന്നാണ് സൈന്യത്തിന്റെ കണക്കുകൂട്ടൽ.

സ്വാതിലെ ഒന്നര മില്യൻ ജനങ്ങളിൽ ഒരു മില്യനിലധികം പേർ യുദ്ധം രൂക്ഷമായതിനു ശേഷം അവിടെനിന്ന് പലായനം ചെയ്തതായാണ് ഗവൺമെന്റിന്റെ കണക്കുകൂട്ടൽ.താലിബാന് വേണ്ടി ജീവൻ കളയാൻ ജനം തയാറല്ല എന്നതിന്റെ സൂചനയായും ഭരണകൂടം ഇതിനെ കാണുന്നു. മുമ്പ് ഇതായിരുന്നില്ല സ്ഥിതി. നല്ലൊരു വിഭാഗം താലിബാൻ അനുകൂലികൾ സ്വാതിൽ ഉണ്ടായിരുന്നു. "കഴിഞ്ഞ ഫെബ്രുവരിയിൽ ഗവൺമെന്റുമായി ഒപ്പുവെച്ച കരാർ പ്രകാരം താലിബാൻ അവരുടെ ആയുധങ്ങൾ സുരക്ഷാ സേനക്ക് കൈമാറണം. അതവർ ചെയ്തില്ല. വാഗ്ദത്ത ലംഘനം പഷ്തൂണുകൾ പൊറുക്കില്ല. ഈ സംഭവത്തോടെ മേഖലയിലെ താലിബാൻ അനുകൂലികളുടെ മനസ്സ് മാറി"- പ്രതിരോധകാര്യ നിരീക്ഷകനായ ഹമീദ് മീർ പറഞ്ഞു. ശരീഅത്ത് നടപ്പാക്കുകയല്ല, പാകിസ്താൻ പിടിക്കുകയാണ് താലിബാന്റെ ലക്ഷ്യമെന്ന് സ്വാതുകാർ തിരിച്ചറിഞ്ഞെന്നും അദ്ദേഹം അവകാശപ്പെട്ടു.

പ്രാദേശിക പിന്തുണ നഷ്ടമായ പുതിയ സാഹചര്യത്തിൽ താലിബാൻ രണ്ടിലൊരു മാർഗം സ്വീകരിച്ചേക്കുമെന്ന് ഹമീദ് മീർ അഭിപ്രായപ്പെട്ടു. ഒന്നുകിൽ അവർ നാനാ ഭാഗത്തേക്കും ചാവേറുകളെ വിട്ട് പാകിസ്താനെ വിറപ്പിക്കും. യുദ്ധമുന്നണിയിൽ സിവിലിയന്മാരെ മനുഷ്യകവചമായും ഉപയോഗിക്കും. ഈ രണ്ട് തന്ത്രങ്ങളും സൈനിക നടപടിക്കെതിരെ ജനരോഷം ഉയർത്തിയേക്കും. തഹ്‌രീകെ നിഫാദെ ശരീഅ മുഹമ്മദി(ടി.എൻ.എസ്.എം)യുടെ നേതാവ് സൂഫി മുഹമ്മദിന്റെ മധ്യസ്ഥതയിൽ താലിബാൻ വെടിനിർത്തലിന് ശ്രമിക്കുകയാണ് രണ്ടാമത്തെ മാർഗം. സൂഫിയുടെ മധ്യസ്ഥതയിലാണല്ലോ ശരീഅത്ത് കരാറും ഒപ്പുവെച്ചത്. താലിബാന്റെ ഈ ആവശ്യം ഭരണകൂടം സ്വീകരിക്കുന്നത് അബദ്ധമായിരിക്കുമെന്നും ഹമീദ് മീർ മുന്നറിയിപ്പ് നൽകുന്നു. കാരണം പോരാളികളെ പുനർവിന്യസിച്ച് ശക്തി വീണ്ടെടുക്കാൻ വേണ്ടിയാവും വെടിനിർത്തൽ കാലയളവ് താലിബാൻ ഉപയോഗിക്കുക.



മുസ്‌ലിം ഖാൻ



ഫസ്‌ലുല്ല

### പ്രശ്നത്തിന്റെ തുടക്കം

1969 ജൂലൈ എട്ട് വരെ സ്വാത് ഒരു നാട്ടുരാജ്യമായിരുന്നു. സയ്യിദ് അക്ബർ ഷാ ആണ് 1849ൽ 'സ്വാത് ഇസ്‌ലാമിക സ്റ്റേറ്റ്' സ്ഥാപിച്ചത്. 1863 മുതൽ 1926 വരെ ഈ ഇസ്‌ലാമിക സ്റ്റേറ്റ് താൽക്കാലികമായി ഇല്ലാതായെങ്കിലും കോടതി നടപടികൾ ഇസ്‌ലാമിക ശരീഅത്ത് അനുസരിച്ച് തന്നെയായിരുന്നു. 1926ൽ ബ്രിട്ടീഷുകാർ ഖാദി കോർട്ടുകൾ എന്നറിയപ്പെടുന്ന ശരീഅത്ത് നിയമസംവിധാനം പുനഃസ്ഥാപിച്ചു. 1969ൽ സ്വാത് പാകിസ്താന്റെ ഭാഗമാവുന്നത് വരെ ഖാദി കോർട്ടുകൾ പ്രവർത്തിച്ചു. സുതാര്യമായിരുന്നു ഖാദി കോർട്ടുകളുടെ പ്രവർത്തനം. സാധാരണക്കാർക്ക് എളുപ്പത്തിൽ നീതി ലഭ്യമായിരുന്നു. സ്വാത് പാകിസ്താന്റെ ഭാഗമാവുകയും ഖാദി കോർട്ടുകൾക്ക് പകരം പൊതുനിയമ സംവിധാനം നിലവിൽവരികയും ചെയ്തതോടെ സാധാരണക്കാരന് നീതി കിട്ടാക്കനിയായി. ഭരണതലത്തിലെ സ്വാധീനങ്ങൾ നിയമസംവിധാനത്തെ അട്ടിമറിച്ചു. ഇത് സ്വാതുകാരിൽ വ്യാപകമായ അസംതൃപ്തിക്ക് കാരണമായി. അവർ ഗൃഹാതുരത്വത്തോടെ ഖാദി കോർട്ടുകൾക്ക് വേണ്ടി ദാഹിച്ചു. പോയകാലത്തെ ഇസ്‌ലാമിക ശരീഅത്ത് സംവിധാനം പുനഃസ്ഥാപിക്കുന്നതിന് വേണ്ടിയാണ് സൂഫി മുഹമ്മദ് തന്റെ ടി.എൻ.എസ്.എം എന്ന കക്ഷിക്ക് രൂപംനൽകിയത്.

ടി.എൻ.എസ്.എമ്മിൽനിന്ന് തെറ്റിപ്പിരിഞ്ഞ ഫസ്‌ലുല്ലയുടെ നേതൃത്വത്തിലുള്ള 'തഹ്‌രീകെ താലിബാൻ സ്വാത്' എന്ന തീവ്രവാദി വിഭാഗം ജനങ്ങളുടെ അസംതൃപ്തി മുതലെടുത്ത് ഖാദി കോർട്ടുകൾ പുനഃസ്ഥാപിക്കാൻ ആയുധമെടുക്കുമെന്ന് പ്രഖ്യാപിച്ചു. നീതിനിഷേധം കൊണ്ട് പൊറുതിമുട്ടിയ ജനം പൊതുവെ താലിബാനെ മാനസികമായി പിന്തുണക്കുന്ന പരുവ

# രാഷ്ട്രീയ പ്രവർത്തനം അന്യംനിന്ന സ്വാത്

**സ്വാതിൽ** പാക് സുരക്ഷാസേനയും താലിബാൻ മിലീഷ്യയും നേർക്കുനേരെ ഏറ്റുമുട്ടാൻ തുടങ്ങിയതോടെ ഒളിവിൽ പോയ ഒരു വിഭാഗമുണ്ട്- രാഷ്ട്രീയക്കാർ. ഫലത്തിൽ രാഷ്ട്രീയ പ്രവർത്തനം ഇല്ലാത്ത മേഖലയായി അത് മാറിക്കഴിഞ്ഞു. "രാഷ്ട്രീയക്കാർ പിൻവാങ്ങുകയും സുരക്ഷാ സൈനികരും താലിബാനും രംഗം കൈയടക്കുകയും ചെയ്തിരിക്കുന്നു"- ജമാഅത്തെ ഇസ്‌ലാമിയുടെ പ്രാദേശിക നേതാവ് മുഹമ്മദ് അമീൻ പറഞ്ഞു. സ്വാതിൽ നല്ല സ്വാധീനമുള്ള രാഷ്ട്രീയ പാർട്ടികളിലൊന്നാണ് ജമാഅത്തെ ഇസ്‌ലാമി. ഈ മേഖലയിൽനിന്നുള്ള മുൻ എം.പി കൂടിയാണ് അമീൻ.


മുഹമ്മദ് അമീൻ


അഫ്സൽ ഖാൻ

രാഷ്ട്രീയക്കാർ ഒളിവിൽ പോകാൻ ന്യായമായ കാരണങ്ങളുണ്ട്. പാക് സേനയും താലിബാനും സംഘട്ടനം തുടങ്ങിയ ശേഷം രാഷ്ട്രീയക്കാർ കാര്യമായി ടാർഗറ്റ് ചെയ്യപ്പെടുന്നുണ്ട്. കഴിഞ്ഞ 18 മാസങ്ങൾക്കുള്ളിൽ, സ്വാതിൽ ഭരണം നടത്തുന്ന അവാമി നാഷനൽ പാർട്ടിയുടെ (എ.എൻ.പി) നൂറോളം പ്രവർത്തകരാണ് കൊല്ലപ്പെട്ടത്. ഒന്നുകിൽ സ്വാത് വിടുക, അല്ലെങ്കിൽ ഒളിവിൽ പോവുക- ഇതേ അവർക്ക് മുമ്പിൽ മാർഗമുള്ളൂ. "ഞങ്ങൾക്കവിടെ പോകാൻ നിവൃത്തിയില്ല. സുരക്ഷ ആര് ഏൽക്കും?" സ്വാതിൽനിന്നുള്ള പി.പി.പിയുടെ പാർലമെന്റ് അംഗം ചോദിച്ചു.

ജമാഅത്തെ ഇസ്‌ലാമിയുടെ നേതാക്കൾ മാത്രമാണ് സ്വാതിൽ തങ്ങുന്നതെന്ന് *ഇസ്‌ലാം ഓൺലൈൻ* പ്രതിനിധി ആമിർ ലത്വീഫ് റിപ്പോർട്ട് ചെയ്യുന്നു. രാഷ്ട്രീയ പ്രവർത്തനത്തിൽ താലിബാൻ വിശ്വസിക്കുന്നില്ല എന്നതാണ് പ്രശ്നം. രാഷ്ട്രീയവും ജനായത്ത രീതികളും അവർ ഹറാമായി കാണുന്നു. രാഷ്ട്രീയ പ്രവർത്തനത്തിലൂടെ മാത്രമേ മേഖലയിൽ സമാധാനം സ്ഥാപിക്കാനാവൂ എന്ന് ഉറച്ച് വിശ്വസിക്കുന്നുണ്ട് മുഹമ്മദ് അമീൻ. "ഞങ്ങൾ നിരന്തരമായി ജനങ്ങളുമായി ബന്ധപ്പെടുന്നുണ്ട്. സമാധാനറാലികൾ സംഘടിപ്പിക്കുന്നുണ്ട്. ഇതിന്റെ ഫലമായിട്ടാണ് ഗവൺമെന്റും താലിബാനും സമാധാന ഉടമ്പടി ഒപ്പു വെക്കാൻ തയാറായത്."

കേന്ദ്രഭരണകൂടം രാഷ്ട്രീയ പാർട്ടികളെയും നേതാക്കളെയും തീരെ വിശ്വാസത്തിലെടുക്കുന്നില്ല എന്നത് പ്രശ്നം കൂടുതൽ സങ്കീർണമാക്കുന്നു. പ്രശ്നം തുടങ്ങി രണ്ട് വർഷം കഴിഞ്ഞിട്ടും സ്വാതിലെ രാഷ്ട്രീയ നേതാക്കളെ ചർച്ചയിലൊന്നും പങ്കെടുപ്പിക്കുന്നില്ല. താലിബാനുമായി തന്റെ പാർട്ടി സമാധാനക്കരാർ ഒപ്പു വെക്കാൻ പോവുകയാണെന്ന് സ്വാത് ഭരിക്കുന്ന അവാമി നാഷനൽ പാർട്ടിയുടെ സമുന്നത നേതാവ് അഫ്സൽ ഖാൻ ലാല പോലും അറിഞ്ഞിരുന്നില്ല. നിരവധി തവണ വധശ്രമങ്ങൾ ഉണ്ടായിട്ടും തന്റെ നാട്ടുകാർക്ക് ആത്മവിശ്വാസം പകരാൻ സ്വാതിൽ തന്നെ തങ്ങുന്ന എ.എൻ.പിയുടെ ഏക സമുന്നത നേതാവാണ് അഫ്സൽ ഖാൻ. ■

ത്തിലായിരുന്നു. താലിബാനാകട്ടെ ശരീഅത്തിന്റെ മറപിടിച്ച് മേഖലയെ തങ്ങളുടെ ശക്തികേന്ദ്രമാക്കുകയായിരുന്നു ലക്ഷ്യം.

ജനവികാരം മനസ്സിലാക്കി മുഖ്യ രാഷ്ട്രീയ പാർട്ടികളും ഖാദി കോർട്ടുകളുടെ പുനഃസ്ഥാപനത്തിനായി ശബ്ദമുയർത്തി. അതിർത്തി സംസ്ഥാനത്തിന്റെ മുഖ്യമന്ത്രി അവാമി നാഷനൽ പാർട്ടിയുടെ അമീർ ഹൈദർ ഹോത്തിയും ഗവർണർ ഉവൈസ് ഗനിയും ഉൾപ്പെടെയുള്ളവർ ശരീഅത്ത് സംവിധാനം നടപ്പാക്കണമെന്ന് കേന്ദ്ര ഭരണത്തോട് ശക്തിയായി ആവശ്യപ്പെട്ടിരുന്നു. 2008ലെ തെരഞ്ഞെടുപ്പിൽ അവാമി-പീപ്പ്ൾസ് പാർട്ടി സഖ്യം പ്രവിശ്യയിലെ സീറ്റുകൾ തൂത്തുവാരിയത് ഇതേ വിഷയം ഉയർത്തിപ്പിടിച്ചാണ്. ദിവസങ്ങൾക്കകം തന്നെ ശരീഅത്ത് സംവിധാനം പുനഃസ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് പ്രസിഡന്റ് ആസിഫ് സർദാരിയിൽനിന്ന് അവാമി പാർട്ടി നേതൃത്വം ഉറപ്പു വാങ്ങുകയും ചെയ്തു. ഈയൊരു രാഷ്ട്രീയ പശ്ചാത്തലം കൂടിയുണ്ട് ശരീഅത്ത് കരാറിന്.

കരാറിൽ ഒപ്പു വെക്കുകയാണെങ്കിൽ താലിബാൻ ഗ്രൂപ്പിന് നേതൃത്വം നൽകുന്ന തന്റെ മരുമകൻ ഫസ്‌ലുല്ല ആയുധങ്ങൾ സൈന്യത്തിന് കൈമാറുമെന്ന് സൂഫി മുഹമ്മദ് ഭരണകൂടത്തിന് വാക്കു കൊടുത്തു. ആ വ്യവസ്ഥ കരാറിൽ എഴുതിച്ചേർക്കുകയും ചെയ്തു.

കരാർ പ്രകാരം താലിബാൻ ആയുധങ്ങൾ കൈമാറിയില്ല എന്ന ന്യായം പറഞ്ഞാണ് ഇപ്പോഴത്തെ കനത്ത സൈനികാക്രമണം. അന്ത്യശാസനയോ വേണ്ടത്ര സാവകാശമോ നൽകാതെയാണ് ഈ സൈനിക നടപടി എന്നത് ദുരൂഹത വർധിപ്പിക്കുന്നു. അമേരിക്കയുടെ കടുത്ത സമ്മർദമാണ് പെട്ടെന്നുള്ള സൈനിക നീക്കത്തിന് കാരണമെന്ന് വ്യക്തം. അഫ്ഗാപാക്

ഭരണംതന്നെ അട്ടിമറിക്കാൻ താലിബാൻ നീക്കം നടത്തുന്നു എന്ന സൂചനകളാവാം കടുത്ത സൈനിക നടപടിക്ക് മറ്റൊരു കാരണം. സ്വാത് താഴ്‌വരയിലെ സൈനിക നടപടിയിൽ പ്രതിഷേധിച്ച് താലിബാൻ ഇസ്‌ലാമാബാദിലേക്ക് പോരാളികളെ പറഞ്ഞുവിട്ടതായി വാർത്തയുണ്ടായിരുന്നു. ഇസ്‌ലാമാബാദിലെ മതപണ്ഡിതന്മാർക്ക് ഇങ്ങനെയൊരു ഭീഷണി സന്ദേശവും അയച്ചു: “ഒന്നുകിൽ താലിബാനെ പിന്തുണക്കുക. അല്ലെങ്കിൽ തലസ്ഥാന നഗരി വിട്ടുപോവുക. ഇത് രണ്ടും ചെയ്തില്ലെങ്കിൽ നിങ്ങളെ അമേരിക്കൻ പക്ഷപാതിയായ സർദാരിയുടെ കൂട്ടാളികളായി കണ്ട് കൈകാര്യം ചെയ്യും.” പാകിസ്താൻ സൈന്യത്തോട് ഏറ്റുമുട്ടാൻ വിമുഖത കാണിക്കുന്ന ലശ്കറെ ത്വയ്യിബ, ഹർകത്തെ മുജാഹിദീൻ തുടങ്ങിയ തീവ്രവാദി ഗ്രൂപ്പുകളുടെ നേതാക്കൾ വരെ താലിബാന്റെ ഹിറ്റ്‌ലിസ്റ്റിൽ ഉണ്ടായിരുന്നു.

അസ്ഥിരമായ കേന്ദ്രഭരണം, അഴിമതിക്കും കെടുകാര്യസ്ഥതക്കും പേരുകേട്ട ഭരണാധികാരി, താലിബാൻ പോലുള്ള തീവ്രവാദി ഗ്രൂപ്പുകളുടെ വിളയാട്ടം, പ്രവിശ്യകളിലെ വിഘടനവാദ പ്രവണതകൾ, അമേരിക്കയുടെയും മറ്റു തൽപര കക്ഷികളുടെയും ഇടപെടൽ ഇവയെല്ലാം ചേർന്ന് പാകിസ്താൻ എന്ന രാഷ്ട്രത്തിന്റെ അന്ത്യം കുറിക്കുമോ, അമേരിക്കയിലെ ബുദ്ധികേന്ദ്രം റാൻഡ് കോർപറേഷൻ പ്രവചിച്ചതു പോലെ? ■